## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2194 26.3.2013 ലെ മറുപടിക്ക്

### സ്വര്‍ണ്ണവ്യാപാര നികുതി

| ചോദ്യം<br><br>ശ്രീ.കെ. രാജു | | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിര്‍മ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തില്‍ സ്വര്‍ണ്ണവ്യാപാര മേഖലയില്‍ പ്രതിവര്‍ഷം എത്ര ടണ്‍ സ്വര്‍ണം വില്ക്കപ്പെടുന്നു എന്ന കണക്ക് ലഭ്യമാണോ ; എങ്കില്‍ വിശദാംശം നല്‍കുമോ ; | (എ) | വാണിജ്യ നികുതി വകുപ്പില്‍ ലഭ്യമായ വിവരങ്ങള്‍ അനുസരിച്ച് പ്രതിവര്‍ഷം സ്വര്‍ണ്ണ വ്യാപാര മേഖലയില്‍ 16889 കോടി രൂപയുടെ **turn over** ആണ് ഉള്ളത് |
| (ബി) | ഇതില്‍ എത്ര ശതമാനം നികുതിയാണ് ചുമത്തപ്പെട്ടിട്ടുള്ളതെന്നും ആയതുപ്രകാരം എത്ര കോടി രൂപയാണ് നികുതി ഇനത്തില്‍ ലഭിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കുമോ ; | (ബി) | കേരളത്തില്‍ നിലവില്‍ സ്വര്‍ണ്ണാഭരണങ്ങളെ വാറ്റ് നിയമത്തിന്റെ ഷെഡ്യൂള്‍ മൂന്നില്‍ ഉള്‍പ്പെടുത്തി 5 ശതമാനം നികുതിയാണ് ചുമത്തുന്നത്. സ്വര്‍ണ്ണ വ്യാപാരി കോമ്പൗണ്ടഡ് നികുതി വ്യവസ്ഥയില്‍ നികുതി ഒടുക്കുവാന്‍ ഓപ്റ്റ് ചെയ്യുന്ന പക്ഷം ഈ നികുതി നിരക്ക് ബാധകമല്ല. അപ്രകാരമുള്ളവര്‍ക്ക് മുന്‍വര്‍ഷം അടച്ച നികുതിയുടെ ഒരു നിശ്ചിതശതമാനം കൂട്ടി ഇക്കൊല്ലം നികുതി ഒടുക്കിയാല്‍ മതിയാകും. ഇതിന്‍പ്രകാരം മുന്‍വര്‍ഷം കോമ്പൗണ്ടിംഗ് വ്യവസ്ഥ ഓപ്റ്റ് ചെയ്തു. ഒരുകോടിക്കു മേല്‍ വിറ്റുവരവുള്ള ഒരു വ്യാപാരി മുന്‍വര്‍ഷം ഒടുക്കിയതിനേക്കാള്‍ 25 ശതമാനം നികുതി കൂടുതല്‍ ഒടുക്കേണ്ടതാണ്. ഈ വര്‍ഷം ആദ്യമായി കോമ്പൗണ്ട് ചെയ്യുകയാണെങ്കില്‍ മുന്‍വര്‍ഷം ഒരു കോടിക്കുമേല്‍ വിറ്റുവരവുള്ള വ്യാപാരി മുന്‍വര്‍ഷം അടച്ച നികുതിയുടെ 50 ശതമാനം കൂടി കൂടുതല്‍ അടയ്ക്കേണ്ടതാണ്. അതിനാല്‍ ലഭിക്കേണ്ടിയിരുന്ന നികുതിയുടെ കണക്ക് ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പിരിഞ്ഞു കിട്ടിയ നികുതി എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) | 2011-12 സാമ്പത്തിക വർഷം ഈ ഇനത്തിൽ ലഭിച്ച നികുതി 302.20 കോടി രൂപയാണ്. |
| (ഡി) | ആയതിലുണ്ടായ കുറവിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്ക നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2005-06-ൽ നികുതി നിരക്ക് കുറയ്ക്കുകയാണെങ്കിൽ വിറ്റുവരവ് കൂടുമെന്നും നികുതി പിരിവ് വർദ്ധിക്കുമെന്നുമുള്ള വ്യാപാരികളുടെ അഭ്യർത്ഥനപ്രകാരം സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് അന്ന് നിലവലുണ്ടായിരുന്ന 4 ശതമാനത്തിൽ നിന്നും 1 ശതമാനമായി കുറച്ചു. എന്നാൽ നികുതി പിരിവ് 2004-05-ൽ ഉണ്ടായിരുന്ന 51.48 കോടിയിൽ നിന്നും 21.21 കോടിയായി കുറഞ്ഞു. ആയതിനാൽ സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് 4 ശതമാനമായി ഉയർത്തി. ആകർഷകമായ കോമ്പൗണ്ടിംഗ് വ്യവസ്ഥകൾ ഏർപ്പെടുത്തിയതിനാൽ നികുതി പിരിവ് 21.21 കോടിയിൽ നിന്നും 2010-11-ൽ 225.40 കോടിയും, 2011-12-ൽ 302.20 കോടിയുമായി വർദ്ധിച്ചു. ഈ വർഷം ഫെബ്രുവരി വരെ ഇതിനകം 365.31 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തു. ഇപ്പോൾ കേരളത്തിൽ പ്രമുഖ സ്വർണ്ണവ്യാപാരികൾ മിക്കവരും കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി ഒടുക്കുന്നവരാണ്. അവരുടെ കണക്കു പുസ്തകങ്ങൾ പ്രകാരമുള്ള വിറ്റുവരവ് എത്രതന്നെയായാലും അവർ കോമ്പൗണ്ടിംഗ് വ്യവസ്ഥ ഓപ്റ്റ് ചെയ്താൽ അതിൻപ്രകാരമുള്ള നികുതി മാത്രം അടച്ചാൽ മതിയാകും. എന്നാൽ 2011-12-ൽ നിയമത്തിൽ വരുത്തിയ മാറ്റം പ്രകാരം ഇത്തരം വ്യാപാരികളുടെ തലേ വർഷത്തെ വിറ്റുവരവിന്റെ 1.25 ശതമാനമോ അടച്ച നികുതിയുടെ 0.25 ശതമാനമോ ഏതാണു കൂടുതൽ അതാണ് അടയ്ക്കേണ്ടത് എന്ന വ്യവസ്ഥ കൊണ്ടു വന്നു. സ്വർണ്ണത്തിന്റെ ഷെഡ്യൂൾ നിരക്ക് 5 ശതമാനമാണെങ്കിലും അവർക്ക് 1.25 ശതമാനം വരെ നികുതി ഉപഭോക്താക്കളിൽനിന്ന് പിരിക്കാൻ അനുവദിച്ചിട്ടുണ്ട്. ഇക്കാരണങ്ങളാൽ സർക്കാരിനെ സംബന്ധിച്ച് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ